# എസ് സി ഒ ഗവൺമെന്റ് തലവൻമാരുടെ ഉച്ചകോടിയില് വിദേശകാര്യ സെക്രട്ടറി സംസാരിച്ചു

താഷ്കെന്റ്

നവംബർ 29, 2013

1. താഷ്കെന്റില് നടന്ന ഷാങ്ഹായ് കോ ഓപ്പറേഷന് ഓർഗനൈസേഷന് ( എസ് സി ഓ ) ഗവൺമെന്റ് കൌൺസില് തലവൻമാരുടെ ഉച്ചകോടി ഉസ്ബെക്കിസ്ഥാനിലെ താഷ്കെന്റില് നടന്നു. നവംബർ 29 നു നടന്ന യോഗത്തിൽ വിദേശകാര്യ സെക്രട്ടറി ശ്രീമതി സുജാത സിംഗ് ഇന്ത്യയുടെ പ്രതിനിധികളെ നയിച്ചു. കൌൺസിലിനെ അഭിസംബോധന ചെയ്തു കൊണ്ട് സംസാരിക്കവേ മേഖലയിൽ തീവ്രവാദത്തെ പ്രതിരോധിക്കുകയും സമാധാനം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിനൊപ്പം സാമ്പത്തിക വികസനത്തിൽ ത്വരിത വേഗം കൈ വരിക്കുന്നതിലും എസ് സി ഒക്കുള്ള പങ്കിനെ കുറിച്ചു ശ്രീമതി സുജാത സിംഗ് ഊന്നിപ്പറഞ്ഞു . അഫ്ഗാനിസ്ഥാന്റെ പുനർനിർമ്മാണത്തിലും പുനരുദ്ധാരണത്തിലും എസ് സി ഒക്കുള്ള വലിയ പങ്കിനെ അവർ ഓർമ്മിപ്പിച്ചു.

2. എസ് സി ഓ യോഗത്തിനു പുറമെ വിദേശകാര്യ സെക്രട്ടറി ഉസ്ബെക്കിസ്ഥാൻ ഉപ വിദേശകാര്യ മന്ത്രി ശ്രീ മുറാദ് അസ്കരോവ്, ഉസ്ബെക്കിസ്ഥാനിലെ വ്യാപാര , ഖനന , വ്യവസായ മന്ത്രി ശ്രീ മൊഹമ്മദ്രേസോ നെമാറ്റ്സേഡ് , അഫ്ഗാനിസ്ഥാനിലെ രണ്ടാം ഉപ പ്രസിഡണ്ട് ശ്രീ മൊഹമ്മദ് കരീം ഖലീല് , എസ് സി ഓ സെക്രട്ടറി ജനറൽ ശ്രീ ഡിമിത്രി മെസേന്റ്സേവ് എന്നിവരുമായി ഉഭയകക്ഷി ചർച്ചകള് നടത്തുകയുണ്ടായി.

3. രണ്ടായിരത്തി അഞ്ചു മുതൽ ഷാങ്ഹായ് കോ ഓപ്പറേഷൻ ഓർഗനൈസേഷന്റെ നിരീക്ഷക സ്ഥാനത്ത് ഉണ്ട് . ഈ ആറംഗ സംഘടന അതിന്റെ അംഗത്വം വികസിപ്പിക്കുവാനുള്ള ആസൂത്രണത്തിലാണ്

താഷ്കെന്റ്
29 നവംബര് , 2013